പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5776

05.07.2013 ൽ മറുപടിക്ക്

## റേഷൻ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നതായി പരാതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | റേഷൻ കരിഞ്ചന്ത തടയുന്നതിനായി പാലക്കാട് ജില്ലയിൽ ജില്ലാ കളക്ടർ, പോലീസ്, ഭക്ഷ്യവകുപ്പ് എന്നിവർ 2013 ൽ എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട്; | (എ) | 17 റെയിഡുകൾ നടത്തിയിട്ടുണ്ട്; |
| (ബി) | റെയിഡുകളിൽ എത്ര ചാക്ക് അരി പിടിച്ചെടുത്തു; ഇതിൽ എന്തു നടപടി സ്വീകരിച്ചു; | (ബി) | 3849.06 ക്വിന്റൽ അരി പിടിച്ചെടുത്തു; ആയതിൽ 3 കേസുകളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചതിൻ പ്രകാരം 727.22 ക്വിന്റൽ അരി സർക്കാരിലേക്ക് കണ്ടുകെട്ടിയിട്ടുണ്ട്. മറ്റുകേസുകളിൽ ഇ.സി. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു; |
| (സി) | പാലക്കാട് ജില്ലയിൽ റേഷൻ കരിഞ്ചന്തയുമായി ബന്ധപ്പെട്ട് കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ട്; ഇവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | (സി) | 2013 ജനുവരി മുതൽ റേഷൻ കരിഞ്ചന്തയുമായി ബന്ധപ്പെട്ട് ഒരു കേസ് മാത്രമേ കോടതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളു. ആയത് നിലവിൽ അന്വേഷണാവസ്ഥയിലാണ്; |
| (ഡി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു ? | (ഡി) | രണ്ടുപേർക്കെതിരെ കേസെടുത്ത് അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ